# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 412 - 08/08/2017 - ലെ മറുപടിക്ക്

## കൂടുതൽ തുക വായ്പ എടുക്കാനുള്ള അനുമതി

**ചോദ്യം** | **ഉത്തരം**

ശ്രീ. എം. ഉമ്മർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന് കൂടുതൽ തുക വായ്പ എടുക്കാനുള്ള അനുമതി കേന്ദ്രം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് സംസ്ഥാനം അതിന്റെ ധനകമ്മി 3 ശതമാനമായി നിലനിർത്തേണ്ടതുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനമാണ് വാർഷിക കടമെടുപ്പു പരിധിയായി (തനി) നിശ്ചയിച്ച് നൽകുന്നത്. നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധി (തനി) 18524 കോടി രൂപയായി താൽക്കാലികമായി കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ജി.എസ്.ഡി.പി -യുടെ പുതുക്കിയ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കടമെടുപ്പ് പരിധി (തനി) പുതുക്കി നൽകുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) | മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനം വരെ കടമെടുക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | |
| (സി) | എങ്കിൽ ഇതനുസരിച്ച് കേരളത്തിന് എത്ര തുക അധികമായി വായ്പ എടുക്കാൻ സാധിക്കും; | |
| (ഡി) | ഇപ്രകാരം അധികമായി എടുക്കുന്ന വായ്പ തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കാൻ കഴിയുക എന്ന് കേന്ദ്രം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം മേഖല തിരിച്ച് നൽകുമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ